**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1037** **29-08-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറയിലെ ഡാമുകളിലെ ചെളി നീക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലുള്ള ഏതെല്ലാം ഡാമുകളിലെ ചെളി നീക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **നെന്മാറ മണ്ഡലത്തിലുള്ള മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിലെ ചെളി നീക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.** |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് (KEMDEL) ചുമതലപ്പെടുത്തിയിരിക്കുന്നത്. **പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കി കരാർ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി 10/06/2022 മുതൽ നടന്നു വരികയാണ്.**<br><br>**ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റ് കോർപ്പറേഷനെയാണ് (KIIDC) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ